സൂറഃ-8

# അൽ അൻഫാൽ

يَـٰٓأَيُّهَا ٱلنَّبِىُّ حَرِّضِ ٱلْمُؤْمِنِينَ عَلَى ٱلْقِتَالِ ۚ إِن يَكُن مِّنكُمْ عِشْرُونَ
صَـٰبِرُونَ يَغْلِبُوا۟ مِا۟ئَتَيْنِ ۚ وَإِن يَكُن مِّنكُم مِّا۟ئَةٌ يَغْلِبُوٓا۟ أَلْفًا مِّنَ
ٱلَّذِينَ كَفَرُوا۟ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿٦٥﴾
ٱلْـَٔـٰنَ خَفَّفَ ٱللَّهُ عَنكُمْ وَعَلِمَ أَنَّ فِيكُمْ ضَعْفًا ۚ فَإِن يَكُن مِّنكُم مِّا۟ئَةٌ
صَابِرَةٌ يَغْلِبُوا۟ مِا۟ئَتَيْنِ ۚ وَإِن يَكُن مِّنكُمْ أَلْفٌ يَغْلِبُوٓا۟ أَلْفَيْنِ بِإِذْنِ ٱللَّهِ ۗ وَٱللَّهُ
مَعَ ٱلصَّـٰبِرِينَ ﴿٦٦﴾

**65.** അല്ലയോ പ്രവാചകാ, അക്രമികളോട് പൊരുതാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക. നിങ്ങളിൽ സഹനശീലരായ ഇരുപതുപേരുണ്ടെങ്കിൽ ഇരുനൂറ് അക്രമികളെ ജയിക്കാം. നൂറുപേരുണ്ടെങ്കിൽ ആയിരം ധർമനിഷേധികളെ ജയിക്കാം. എന്തുകൊണ്ടെന്നാൽ യാഥാർഥ്യം ഗ്രഹിക്കാത്ത ജനമാണവർ.

**66.** എന്നാൽ, ഇപ്പോൾ അല്ലാഹു നിങ്ങളുടെ ഭാരം ലഘൂകരിച്ചു തന്നിരിക്കുന്നു. ഇപ്പോഴും നിങ്ങളിൽ ദൗർബല്യമുണ്ടെന്ന് അവനറിയാം. അതിനാൽ നിങ്ങളിൽ സഹനശീലരായ നൂറു പേരുണ്ടെങ്കിൽ ഇരുനൂറ് അക്രമികളെയും ആയിരം പേരുണ്ടെങ്കിൽ രണ്ടായിരം അക്രമികളെയും ദൈവഹിതത്താൽ ജയിക്കുന്നതാകുന്നു. സഹനശീലരോടൊപ്പം അല്ലാഹുവുണ്ട്.

يَـٰٓأَيُّهَا ٱلنَّبِىُّ = അല്ലയോ പ്രവാചകാ   حَرِّضِ = നീ പ്രേരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക   ٱلْمُؤْمِنِينَ = സത്യവിശ്വാസികളെ
عَلَى ٱلْقِتَالِ = (അക്രമികളോട്) പൊരുതാൻ   إِن يَكُن = ഉണ്ടെങ്കിൽ   مِّنكُمْ = നിങ്ങളിൽനിന്ന്   عِشْرُونَ = ഇരുപത്(പേർ)
صَـٰبِرُونَ = സഹനശീലരായ   يَغْلِبُوا۟ = അവർ ജയിക്കും   مِا۟ئَتَيْنِ = ഇരുനൂറ്(അക്രമികളെ)
وَإِن يَكُن مِّنكُم = നിങ്ങളിൽനിന്ന് ഉണ്ടെങ്കിൽ   مِّا۟ئَةٌ = നൂറു(പേർ)   يَغْلِبُوٓا۟ = അവർ ജയിക്കും   أَلْفًا = ആയിര(ം)ത്തെ
مِّنَ ٱلَّذِينَ كَفَرُوا۟ = ധർമനിഷേധിക(ളെ)ളിൽനിന്ന്   بِأَنَّهُمْ = എന്തുകൊണ്ടെന്നാൽ അവർ
قَوْمٌ = ജനമാണ്   لَّا يَفْقَهُونَ = അവർ ഗ്രഹിക്കുന്നില്ല(യാഥാർഥ്യം ഗ്രഹിക്കാത്ത)   ٱلْـَٔـٰنَ = (എന്നാൽ) ഇപ്പോൾ
خَفَّفَ ٱللَّهُ = അല്ലാഹു ലഘൂകരിച്ചു(തന്നിരിക്കുന്നു)   عَنكُمْ = നിങ്ങൾക്ക്   وَعَلِمَ = അവന് അറി(യാം)ഞ്ഞു
أَنَّ فِيكُمْ = (ഇപ്പോഴും) നിങ്ങളിൽ ഉണ്ടെന്ന്   ضَعْفًا = ദൗർബല്യം   فَإِن يَكُن مِّنكُم = അതിനാൽ നിങ്ങളിൽനിന്ന് ഉണ്ടെങ്കിൽ
مِّا۟ئَةٌ = നൂറു(പേർ)   صَابِرَةٌ = സഹനശീലരായ   يَغْلِبُوا۟ = അവർ ജയിക്കും   مِا۟ئَتَيْنِ = ഇരുനൂറ്(അക്രമികളെ)
وَإِن يَكُن مِّنكُمْ أَلْفٌ = നിങ്ങളിൽനിന്ന് ആയിരം പേരുണ്ടെങ്കിൽ   يَغْلِبُوٓا۟ أَلْفَيْنِ = അവർ രണ്ടായിരത്തെ (അക്രമികളെയും)ജയിക്കും
بِإِذْنِ ٱللَّهِ = അല്ലാഹുവിന്റെ അനുമതിയോടെ(ദൈവഹിതത്താൽ)   وَٱللَّهُ = അല്ലാഹു(ഉണ്ട്)   مَعَ ٱلصَّـٰبِرِينَ = ക്ഷമാശീലരോടൊപ്പം

**65,66:** വിശ്വാസികൾക്ക് അംഗബലവും ആയുധ ബലവും കുറവായാലും പ്രതിയോഗികളെ ജയിക്കാൻ മതിയായ ശക്തിയായി അവർക്ക് അല്ലാഹുവിന്റെ പിന്തുണയുണ്ട് എന്ന് മുൻസൂക്തത്തിൽ ആമുഖമായി പ്രസ്താവിച്ച ശേഷം ഈ സൂക്തത്തിൽ പ്രവാചകനോടു പറയുകയാണ്: അതുകൊണ്ട് സത്യത്തിന്റെയും ധർമത്തിന്റെയും ശത്രുക്കളോട് നിർഭയം പൊരുതാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക. ഇരുനൂറു അക്രമികളെ നേരിടാൻ അവർ ഇരുപതുപേർ മതിയാകും. ശത്രുക്കൾ ആയിരം പേരുണ്ടെങ്കിൽ നൂറു വിശ്വാസികൾക്ക് അവരെ ജയിക്കാൻ കഴിയും. ഒരു ഉപാധിമാത്രം, ശത്രുക്കളോടേറ്റുമുട്ടുന്ന വിശ്വാസികൾ സഹനശീലരും സ്ഥൈര്യമുള്ളവരുമായിരിക്കണം. അംഗബലവും ആയുധബലവുമല്ല; ആത്മധൈര്യവും വിശ്വാസദാർഢ്യവുമാണ് അവരുടെ വിജയോപാധി. അതുണ്ടെങ്കിൽ മറ്റു കുറവുകളെല്ലാം അല്ലാഹു നികത്തിക്കൊള്ളും. അങ്ങനെ എത്രവലിയ

ശത്രുസംഘങ്ങളെയും തോൽപിക്കാൻ അവർക്കു കഴിയും. കാരണം സത്യത്തിനും ധർമത്തിനുമെതിരെ അക്രമമഴിച്ചുവിടുന്നവർ യാഥാർഥ്യജ്ഞാനമില്ലാത്തവരാണ്. ദൈവത്തെയും ധർമത്തെയും സംബന്ധിച്ച ജ്ഞാനമാണ് മൗലികവും യഥാർഥവുമായ ജ്ഞാനം. സത്യവിശ്വാസം-ഈമാൻ- ആണ് ഈ വെളിച്ചം മനസ്സിൽ കത്തിച്ചുവെക്കുന്നത്. ഈമാൻ ഇല്ലാത്തവരുടെ മനസ്സിലുള്ളത് ഇരുട്ടാണ്. അവർ പടവെട്ടുന്നത് ക്ഷുദ്രവും നൈമിഷികവുമായ ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി മാത്രമാണ്. അവരുടെ ദൃഷ്ടിയിൽ ജീവിതം, ഈ ഭൗതിക ജീവിതം മാത്രമാണ്. അതിൽ പരമാവധി സുഖം നേടുകയാണ് ജീവിത വിജയം. മരണത്തോടെ എല്ലാം അവസാനിച്ചു.

വിശ്വാസികളുടെ ഹൃദയത്തിൽ സത്യജ്ഞാനം എന്ന വെളിച്ചമുണ്ട്. അവർ ജീവിതത്തിനപ്പുറം അനന്തമായ പാരത്രിക ജീവിതത്തെ കാണുന്നവരാണ്. പരലോകത്തെ അപേക്ഷിച്ച് ഭൗതികജീവിതവും അതിലെ വിഭവങ്ങളുമെല്ലാം അതീവ തുഛമാണ്. വിശാലമായ പരലോകത്തിനും അതിലെ ശാശ്വത വിജയത്തിനും വേണ്ടിയാണ് അവർ പൊരുതുന്നത്. ഭൗതിക ജീവിതം പാരത്രിക ജീവിതത്തിനു വേണ്ടി സമർപ്പിച്ചവരാണവർ. അതിനുവേണ്ടി കൊല്ലപ്പെടുന്നതിൽ യാതൊരു ഭയവും അവർക്കില്ല. ഭൗതിക ജീവിതത്തെക്കാൾ എത്രയോ മടങ്ങ് സന്തുഷ്ടമായ ജീവിതമാണ്, സത്യത്തിനുവേണ്ടി രക്തസാക്ഷികളാകുന്നവരെ പരലോകത്ത് കാത്തിരിക്കുന്നതെന്ന് അവർക്കറിയാം. ഖലീഫ ഉമർ (റ)ന്റെ കാലത്ത് പേർഷ്യൻ സൈന്യവുമായി ഏറ്റുമുട്ടാൻ തുടങ്ങുമ്പോൾ മുസ്‌ലിം സൈന്യത്തിന്റെ നായകനായിരുന്ന ഖാലിദ്ബ്നു വലീദ് പ്രസ്താവിക്കുകയുണ്ടായി: 'അല്ലയോ പേർഷ്യൻ സൈനികരേ, നിങ്ങൾ ജീവിതത്തെ എത്രത്തോളം സ്നേഹിക്കുന്നുവോ, അത്രത്തോളം മരണത്തെ സ്നേഹിക്കുന്ന പടയാളികളുമായാണ് ഞാനെത്തിയിരിക്കുന്നത്.'

ഒരു മുസ്‌ലിം അവിശ്വാസികളായ പത്ത് അക്രമികൾക്കു തുല്യം എന്നതാണ് ഏറ്റവും ഉയർന്ന നിലവാരം. ഇതു മനസ്സിന് സ്ഥൈര്യവും സഹനശക്തിയും യാഥാർഥ്യജ്ഞാനത്തിന്റെ വെളിച്ചവും പ്രദാനം ചെയ്യുന്ന ദൃഢവിശ്വാസമുള്ളവരുടെ അവസ്ഥയാണ്. ഈ അവസ്ഥ എല്ലാ വിശ്വാസികൾക്കും എല്ലാ അവസരങ്ങളിലും പൂർണതോതിൽ പ്രാപിക്കാൻ കഴിയണമെന്നില്ല. ചിലപ്പോൾ സമൂഹം മൊത്തത്തിൽ തന്നെ വിശ്വാസദാർഢ്യം കുറഞ്ഞവരായിരിക്കും. ചിലപ്പോൾ ഭൂരിപക്ഷം അത്തരക്കാരാകും. ചിലപ്പോൾ ഭൂരിപക്ഷം ദൃഢവിശ്വാസികളും ന്യൂനപക്ഷം ദുർബല വിശ്വാസികളുമായിരിക്കും. ഈ സൂക്തങ്ങൾ അവതരിപ്പിക്കുന്ന കാലത്ത് അതായിരുന്നു അവസ്ഥ. മുസ്‌ലിംകളുടെ ഈമാനിക ബലത്തിന്റെ ഏറ്റക്കുറവനുസരിച്ച് ശത്രുക്കളെ നേരിടാനുള്ള അവരുടെ ശക്തിയും ഏറിയും കുറഞ്ഞുമിരിക്കും. അതുകൊണ്ട് ഏതു പരിസ്ഥിതിയിലും പത്തു ശത്രുക്കളോടേറ്റുമുട്ടാൻ ഒരു വിശ്വാസി തയാറാകണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നില്ല. എങ്കിലും അതിനുള്ള സ്ഥൈര്യവും ആത്മവീര്യവും എല്ലാ വിശ്വാസികൾക്കും ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ അവർ വിശ്വാസത്തിന്റെ അർധാംശമായ സഹനവും സ്ഥൈര്യവും ആർജിച്ചിട്ടില്ലെന്നാണർഥം. ക്ഷമയും സ്ഥൈര്യവും ഉള്ളവർക്കേ അല്ലാഹുവിന്റെ സഹായം ലഭിക്കൂ.

حَرِّضِ ٱلْمُؤْمِنِينَ എന്ന വാക്യത്തെയാണ് 'വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക' എന്ന് തർജമ ചെയ്തിട്ടുള്ളത്. حرّض എന്ന ക്രിയയുടെ ശാസനാരൂപം (امر) ആണ് ഇത്. മധ്യാക്ഷരം ഇരട്ടിപ്പക്കാതെ حَرَضَ എന്ന മൂലരൂപത്തിന്റെ അർഥം ആപത്തിനോടടുക്കുക, അവശനാവുക എന്നൊക്കെയാണ്. അത് حَرَّضَ എന്നാകുമ്പോൾ ആപത്തൊഴിവാക്കാൻ പ്രേരിപ്പിക്കുക, അതിനുവേണ്ടി സമ്മർദം ചെലുത്തുക എന്നാകുന്നു. അറബിഭാഷയിൽ ഒരേ പദ മൂലത്തിൽനിന്നു വിപരീതാർഥമുള്ള പദങ്ങൾ നിഷ്പന്നമാകുന്നതിന്റെ ഉദാഹരണങ്ങളിലൊന്നാണീ പദം. ഏതാണ്ട് مرض എന്ന പദം പോലെയാണിത്. രോഗംബാധിച്ചു എന്നാണതിനർഥം. അത് مرّض എന്നാകുമ്പോൾ രോഗിയെ ശുശ്രൂഷിച്ചു, രോഗം മാറ്റാൻ ശ്രമിച്ചു എന്നാകും. ഉപദേശത്തിനും കൽപനക്കും ഇടയിലുള്ളതാണ് تحريض. 'വിശ്വാസികളോട് കൽപിക്കുക' (أءمر) എന്ന് പറയുന്നതിന് പകരമാണിങ്ങനെ പറഞ്ഞിരിക്കുന്നത്. കൽപിക്കപ്പെട്ടാൽ ദൃഢവിശ്വാസമില്ലാത്തവരും ഭീരുക്കളും ആപത്സന്ധികളിൽനിന്ന് ഊരിച്ചാടണമെന്നാഗ്രഹിക്കുന്നവരുമെല്ലാം യുദ്ധത്തിനിറങ്ങാൻ നിർബന്ധിതരായിത്തീരും. അല്ലാഹു അങ്ങനെ വടിയെടുത്ത് ആട്ടിത്തെളിച്ച് ആരെയും പോർക്കളത്തിലേക്ക് നയിക്കുന്നില്ല. അത് അല്ലാഹുവിന്റെ കക്ഷി(حزب الله)ക്ക് ഗുണകരവുമല്ല. എന്നാൽ അക്രമികളോട് സമരം ചെയ്യുന്നത് ഒരു തരക്കേടില്ലാത്ത കാര്യം എന്ന മട്ടിൽ ലഘുവായ ഉപദേശം മാത്രം നൽകി, ആർക്കുവേണമെങ്കിലും ഒഴിഞ്ഞു നിൽക്കാവുന്ന സാഹചര്യവും ഉണ്ടാക്കുന്നില്ല. ഓരോരുത്തരോടും നിർബന്ധമായി കൽപിക്കേണ്ടതില്ലെങ്കിലും സമരത്തിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ സദ്ഫലങ്ങളെക്കുറിച്ചും ബോധവൽക്കരിച്ചുകൊണ്ട് അവരെ ശക്തിയായി പ്രോത്സാഹിപ്പിക്കണം. അന്തിമമായ കൽപനയുണ്ടാകേണ്ടത് ഓരോരുത്തരുടെയും ഈമാനിൽനിന്ന് അല്ലെങ്കിൽ മനസ്സാക്ഷിയിൽനിന്നാണ്.

عَلَى ٱلْقِتَالِ (യുദ്ധത്തിന്, പൊരുതാൻ) എന്നേ ഇവിടെ പറയുന്നുള്ളൂ. ആരോട്, എന്തിന് എന്നൊന്നും പറയുന്നില്ല. അത്തരം കാര്യങ്ങൾ സന്ദർഭത്തിൽനിന്ന് സ്പഷ്ടമാകുന്നതാണ്. ബദ്ർ യുദ്ധം കഴിഞ്ഞ ഉടനെയാണിതവതരിക്കുന്നത്. ബദ്റിൽ തോറ്റ ശത്രുക്കൾ അടുത്ത ഭാവിയിൽതന്നെ അതിനു പ്രതികാരം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടാണ് തിരിച്ചുപോയിട്ടുള്ളത്. മക്കയിലെത്തിയപ്പോൾതന്നെ മുസ്‌ലിംകളെ നിശ്ശേഷം ഉന്മൂലനം ചെയ്യാൻ പര്യാപ്തമായ ഒരു യുദ്ധം അവരാസൂത്രണം ചെയ്തുതുടങ്ങുകയും ചെയ്തിരുന്നു. ഖുറൈശികളെപ്പോലെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കടന്നാക്രമിക്കുന്നവരോടാണ് ഇവിടെ പൊരുതാൻ പറയുന്നതെന്ന് വ്യക്തം. എന്നാൽ ആരോടും ബന്ധപ്പെടുത്താതെ അതു പ്രസ്താവിച്ചതിന്റെ താൽപര്യം ഇതാണ്: ജാഹിലിയ്യത്തിൽനിന്നുള്ള അക്രമണങ്ങൾ എല്ലാ കാലത്തും ഇസ്‌ലാമിനു നേരെ ഉണ്ടായിക്കൊണ്ടിരിക്കും. അതുണ്ടാകുമ്പോഴൊക്കെ, ഇപ്പോൾ ബദ്റിൽ ചെയ്തതുപോലെ ജാഹിലീ അക്രമികളോട് ഉറച്ചുനിന്ന് പൊരുതണം. അതതുകാലത്തെ ഉത്തരവാദപ്പെട്ട നേതൃത്വം അതിനവരെ പ്രേരിപ്പിക്കുകയും സജ്ജരാക്കുകയും വേണം.

لَّا يَفْقَهُونَ എന്ന വാക്കിന്റെ അർഥം, അവർ ഗ്രഹിക്കുന്നില്ല എന്നാണ്. لَا يَعْقِلُونَ - لَّا يَعْلَمُونَ തുടങ്ങിയ വാക്കുകൾക്കും ഇതേ അർഥം തന്നെയാണുള്ളത്. സാധാരണ അറിവിനെയും ഗ്രാഹ്യതയെയുമാണ് ഈ വാക്കുകൾ കുറിക്കുന്നത്. فقه കൊണ്ട് ഉദ്ദേശിക്കുന്നത് സാദാ അറിവിനെക്കാൾ കുറെക്കൂടി ആഴത്തിലുള്ള അറിവാണ്. പ്രത്യക്ഷമായ വസ്തുതകൾക്കപ്പുറമുള്ള യാഥാർഥ്യങ്ങളെ ഗ്രഹിക്കുകയാണത്. التوصل بعلم ظاهر الى علم غائب -പ്രത്യക്ഷ ജ്ഞാനത്തിലൂടെ പരോക്ഷ ജ്ഞാനത്തിലേക്കെത്തുക- എന്നാണ് فقه നിർവചിക്കപ്പെട്ടിട്ടുള്ളത്. ഭൗതിക പ്രപഞ്ചത്തെക്കുറിച്ചുള്ള അറിവുകൾ പ്രത്യക്ഷ ജ്ഞാനമാണ്. ആ അറിവിലൂടെ പ്രപഞ്ചത്തിനു പിന്നിലുള്ള സ്രഷ്ടാവിനെയും അഭൗതിക ലോകത്തെയും മനസ്സിലാക്കുന്നവരാണ് യഥാർഥ വിശ്വാസികൾ. ഈ യാഥാർഥ്യജ്ഞാനം (فقه) ഇല്ലാത്തവരാണ് അല്ലാഹുവിലും

അവന്റെ പ്രവാചകനിലും വിശ്വസിക്കാത്തവർ.

ഈ സൂക്തങ്ങളുടെ വ്യാഖ്യാനമായി ഉദ്ധരിക്കപ്പെട്ട നിവേദനങ്ങളിൽ ഇങ്ങനെ കാണുന്നുണ്ട്: 65-ാം സൂക്തത്തിൽ, ഒരു വിശ്വാസി പത്തു ശത്രുക്കളെ നേരിടണമെന്നു പറഞ്ഞപ്പോൾ ചില വിശ്വാസികൾക്ക് അത് വലിയ ഭാരമായിത്തോന്നി. അപ്പോൾ അടുത്ത സൂക്തത്തിൽ വിശ്വാസികളുടെയും ശത്രുക്കളുടെയും അനുപാതം 1:2 എന്നാക്കി കുറച്ചുകൊണ്ട് അല്ലാഹു അവർക്ക് ലഘൂകരിച്ചുകൊടുക്കുകയായിരുന്നു.

ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: ആദ്യകാല വിശ്വാസികൾ, ഒരാൾ പത്തു അക്രമികളെ നേരിടാൻ മതിയായവരായിരുന്നു. പിൽക്കാലത്ത് വിശ്വസിച്ചവർ അത്രതന്നെ വിശ്വാസ സ്ഥൈര്യമുള്ളവരായിരുന്നില്ല. അങ്ങനെയുള്ള ദുർബലവിശ്വാസികളും ചേർന്ന സമൂഹത്തിന് പത്തിന് ഒന്ന് എന്ന തോതിൽ ശത്രുക്കളോടേറ്റുമുട്ടാൻ കഴിയുമായിരുന്നില്ല. അപ്പോൾ അല്ലാഹു അനുപാതം 1:2 എന്ന തോതിലാക്കി ലഘൂകരിച്ചുകൊടുത്തു.

ഈ സൂക്തങ്ങൾ നിയമവിധിയാണെന്നും അതിനാൽ ശത്രുസൈന്യം മുസ്‌ലിം സൈന്യത്തിന്റെ ഇരട്ടിയുണ്ടെങ്കിലും അവരെ നേരിടേണ്ടത് നിർബന്ധമാണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവരുടെ ന്യായമിതാണ്: 66-ാം സൂക്തത്തിൽ, വിശ്വാസികളിൽ ദൗർബല്യമുണ്ടാവുമെന്നറിയാവുന്നതിനാൽ ഒരു വിശ്വാസി പത്തു ശത്രുക്കളെ നേരിടണമെന്ന നിർദേശം, ഒരു വിശ്വാസി രണ്ടു ശത്രുക്കളെ നേരിടണമെന്നാക്കി ലഘൂകരിച്ചതിൽനിന്നുതന്നെ ആദ്യം പറഞ്ഞത് നിർബന്ധ വിധിയാണെന്നു വരുന്നു. നിർബന്ധമായ ഒന്നിലാണല്ലോ ലഘൂകരണം പ്രസക്തമാവുക. നിയമപ്രാബല്യമില്ലാത്ത ധാർമികോപദേശം മാത്രമാണെങ്കിൽ ആദ്യത്തേതു തന്നെ ലഘുവാണ്. അതിനൊരു ലഘൂകരണം ആവശ്യമില്ല. നിർബന്ധമായ കാര്യം ലഘൂകരിച്ചാൽ ലഘൂകരിച്ചരൂപം നിർബന്ധമാകുന്നു. ഇവിടെ ലഘൂകരണം വന്നതോടെ ആദ്യത്തെ നിയമം ദുർബലപ്പെടുത്തിയിരിക്കുന്നു എന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

യുദ്ധം കൽപിക്കുന്ന പല സൂക്തങ്ങളും ഖുർആനിലുണ്ട്. ആ കൽപനകളെല്ലാം നിയമപരമായ നിർബന്ധ ബാധ്യത എന്ന നിലക്കുള്ളതാണെന്നതിലും തർക്കമില്ല. ഈ സൂക്തങ്ങളെ അക്കൂട്ടത്തിൽ പെടുത്തേണ്ടതുണ്ടെന്നു തോന്നുന്നില്ല. വിശ്വാസികളെ ശത്രുക്കളോടു യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കണമെന്ന് പ്രവാചകനോടു കൽപിക്കുകയാണിവിടെ. ആ പ്രോത്സാഹനത്തിന്റെ രീതിയാണ് തുടർന്നുപറയുന്നത്. അതിനെ നിയമപരമായ കൽപനയായി കണ്ടാൽ ക്ഷമാശീലർ(صَـٰبِرُونَ)ക്ക് മാത്രമേ യുദ്ധം ചെയ്യാൻ ബാധ്യതയുള്ളൂ എന്നും പറയേണ്ടിവരും. ക്ഷമാശീലരെയും അല്ലാത്തവരെയും ആരാണ്, എങ്ങനെയാണ് വേർതിരിക്കുക? അക്രമികളെ നേരിടേണ്ടിവരുമ്പോൾ വിശ്വാസികളിൽനിന്ന് അല്ലാഹു പ്രതീക്ഷിക്കുന്ന സ്ഥൈര്യത്തിന്റെയും പോരാട്ട വീര്യത്തിന്റെയും ഉയർന്നതും താഴ്ന്നതുമായ നിലവാരങ്ങൾ വിശദീകരിക്കുകയാണിവിടെ. ഏറ്റവും നല്ല നിലവാരത്തിലേക്കുയരാൻ ശ്രമിക്കേണ്ടത് വിശ്വാസിയുടെ ധാർമിക ബാധ്യതയാണ്. അങ്ങനെ ശ്രമിക്കുന്നവർക്ക് അല്ലാഹുവിന്റെ പിന്തുണയും സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ഇസ്‌ലാമിക ചരിത്രം പരിശോധിച്ചു നോക്കിയാൽ ഈ സൂക്തങ്ങൾ അവതരിച്ച ശേഷമുണ്ടായ പല യുദ്ധങ്ങളിലായി മുസ്‌ലിംകൾ പത്തു ശത്രുക്കൾക്ക് ഒരു മുസ്‌ലിം എന്ന തോതിലും രണ്ടാൾ, മൂന്നാൾ എന്നിങ്ങനെ വ്യത്യസ്ത തോതിലും നേരിട്ടതായി കാണാം. ചിലപ്പോൾ എണ്ണത്തിലും വണ്ണത്തിലും തുല്യശക്തികളോടും യുദ്ധം ചെയ്തിട്ടുണ്ട്. ആളും അർഥവും കുറഞ്ഞ സന്ദർഭങ്ങളിൽ തീർച്ചയായും ഇത്തരം ഖുർആൻ സൂക്തങ്ങളായിരുന്നു അവരെ മുന്നോട്ടു നയിച്ചിരുന്നത്.

നാലു സംഗതികളാണ് ഈ സൂക്തങ്ങൾ നമുക്ക് വ്യക്തമാക്കിത്തരുന്നത്. ഒന്ന്, പ്രതിസന്ധിഘട്ടങ്ങളിൽ അല്ലാഹുവിന്റെ സഹായം ലഭിക്കാൻ നാം നമുക്കുള്ളിൽ സഹനശക്തിയും ക്ഷമാശീലവും വളർത്തണം. പ്രതിസന്ധികളിൽ പെട്ടെന്ന് വെപ്രാളപ്പെട്ട് തളർന്നുപോകുന്നവർക്കോ, ശത്രുക്കളെ കാണുമ്പോൾ ഒളിച്ചോടുന്നവർക്കോ ഉള്ളതല്ല ദൈവസഹായം. നമുക്ക് അവൻ നേരത്തെ നൽകിയിട്ടുള്ള കഴിവുകളും ശക്തികളും പൂർണമായി ഉപയോഗിച്ചുകഴിഞ്ഞശേഷം പോരാതെ വരുന്നതേ അവൻ നൽകൂ. കൈയിലുള്ളത് ഉപയോഗിക്കാതെ പേടിച്ചോടുന്നവരെ തന്റെ ഇടപെടൽകൊണ്ട് വിജയിപ്പിക്കുക അവന്റെ രീതിയല്ല. രണ്ട്, ഉപകരണങ്ങളും ഉപാധികളും എത്രത്തോളം വർധിക്കുന്നുവോ അതനുസരിച്ച് അല്ലാഹുവിന്റെ നേരിട്ടുള്ള സഹായം കുറഞ്ഞുകൊണ്ടിരിക്കും. കൈയിലുള്ള ഉപകരണങ്ങളും ഉപാധികളും അല്ലാഹുവിന്റെ സഹായം തന്നെയാണ്. അത് ആ നിലയിൽ കണ്ട് പ്രയോജനപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. മൂന്ന്, മനുഷ്യന്റെ യഥാർഥ ശക്തി ഈമാന്റെ ശക്തിയാണ്; മറ്റെല്ലാ കാര്യങ്ങളും അതിന്റെ അനന്തരികളാണ്. അതുകൊണ്ട് വിശ്വാസികൾ പ്രഥമമായി ആർജിക്കേണ്ടത് വിശ്വാസദാർഢ്യവും മനശ്ശക്തിയുമാണ്. നാല്, സംഭവിക്കുന്നതൊക്കെയും അല്ലാഹുവിന്റെ വിധിപ്രകാരമാണ് സംഭവിക്കുന്നത്; അവനെയാണ് യഥാർഥ അവലംബമായി കണക്കാക്കേണ്ടത്; പ്രത്യുത ആൾബലത്തേയോ ആയുധ സമൃദ്ധിയേയോ അല്ല. ■